**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **23-02-2026 - ൽ മറുപടിയ്ക്ക്**

**വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തുറമുഖ വികസന മേഖലയിൽ സംസ്ഥാന സർക്കാർ നടത്തുന്ന ഏറ്റവും വലിയ മൂലധനനിക്ഷേപമായി വിഴിഞ്ഞം തുറമുഖ പദ്ധതി ഇതിനോടകം മാറിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) | ഒരു സംസ്ഥാന സർക്കാർ തുറമുഖ വികസനത്തിനായി നടത്തുന്ന ഏറ്റവും വലിയ മൂലധന നിക്ഷേപമാണ് വിഴിഞ്ഞം തുറമുഖ വികസനത്തിനായി സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ളത്. നാളിതുവരെ 3604 കോടി രൂപയാണ് സംസ്ഥാന സർക്കാർ പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുള്ളത്. ഏകദേശം 1704 കോടി രൂപയുടെ നിക്ഷേപം കൂടി പദ്ധതിയ്ക്കായി സംസ്ഥാന സർക്കാർ ചെയ്യുന്നതായിരിക്കും. ഇപ്രകാരം ഏകദേശം 5310 കോടി രൂപയായിരിക്കും സംസ്ഥാന സർക്കാരിന്റെ ആകെ വരുന്ന മൂലധന നിക്ഷേപം.<br><br>ഇന്ത്യയിലെ ആദ്യത്തെ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് വാണിജ്യ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഒരു വർഷം പിന്നിട്ടു. ഈ കാലയളവിൽ, ശരാശരി 126% ശേഷിവിനിയോഗത്തോടെ തുറമുഖം പ്രശംസനീയമായ പ്രകടനം കൈവരിച്ചിട്ടുണ്ട്. ഈ ചെറിയ കാലയളവിൽ ഏകദേശം 560 കപ്പലുകളിൽ നിന്ന് 12 ദശലക്ഷം TEU (കണ്ടെയ്നറുകൾ) തുറമുഖം കൈകാര്യം ചെയ്തിട്ടുണ്ട്. തുറമുഖത്തിന്റെ സ്ഥാപിത ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ 2028 ഡിസംബറോടെ പൂർത്തീകരിച്ച്, തുറമുഖത്തിന്റെ സ്ഥാപിത ശേഷി പ്രതിവർഷം 3.00 ദശലക്ഷം TEU ആയി (സാധ്യമായ ശേഷി 4.57 ദശലക്ഷം TEU വരെ) ആയി മാറുന്നതാണ്.<br><br>100% ട്രാൻസ്ഷിപ്പ്മെന്റിലൂടെ മാത്രമാണ് ഇത്തരത്തിലൊരു പ്രശംസനീയമായ പ്രകടനം തുറമുഖം കാഴ്ച വച്ചത്. തുറമുഖം വഴിയുള്ള എക്സ്പോർട്ട് - ഇംപോർട്ട് (EXIM) കാർഗോ നീക്കം |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതോടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി സാധ്യമാകുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ എന്നിവ വഴിയുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | തുറമുഖത്തിന്റെ തുടർ ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റെയിൽ കണക്ടിവിറ്റി, റോഡ് കണക്ടിവിറ്റി എന്നിവ വികസിപ്പിച്ച് സുഗമമായ ചരക്ക് നീക്കം സാധ്യമാക്കുന്നതിനാവശ്യമായ നടപടി കൾ സ്വീകരിച്ചിട്ടുണ്ട്.<br><br>തുറമുഖത്തെ ദക്ഷിണ റെയിൽവെയുടെ ബാലരാമപുരം സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന 10.7 km നീളമുള്ള റെയിൽപാതയിൽ, ഭൂമിശാസ്ത്രപരമായ പ്രത്യേകത മൂലം 9.0 km തുരങ്കപാതയായാണ് വിഭാവനം ചെയ്തിട്ടുള്ളത്. റെയിൽപാതയുടെ സ്ഥലമെടുപ്പ് നടപടി കൾ പുരോഗമിച്ചു വരുന്നു. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തെ ബാലരാമപുരം റെയിൽവേ സ്റ്റേഷനുമായി ബന്ധിപ്പിക്കുന്ന ഭൂഗർഭ റെയിൽ പാതയുടെ DPR-ന് 16/03/2022 ൽ ദക്ഷിണ റെയിൽവെയുടെ അംഗീകാരം ലഭിച്ചു. ഈ പാതയുടെ പാരിസ്ഥിതികാനുമതി 17/07/2024 ന കേന്ദ്ര പാരിസ്ഥിതിക മന്ത്രാലയത്തിൽ നിന്നും ലഭിച്ചു. പദ്ധതിയുടെ DPR-ന് സംസ്ഥാന മന്ത്രിസഭ 20/03/2025 ൽ അംഗീകാരം നൽകി. ബാലരാമപുരം ഭാഗത്തെ സ്ഥലമെടുപ്പ് അന്തിമഘട്ട ത്തിലാണ്. കൊങ്കൺ റെയിൽവേ തയ്യാറാക്കിയ ഇ.പി.സി. ടെൻഡർ രേഖകൾ സർക്കാർ നിയോഗിച്ച ഉന്നത സമിതി പരിശോധിച്ചു നൽകിയ നിർദ്ദേശങ്ങൾ പരിഗണിച്ചു വരുന്നു. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് ഉടൻ തന്നെ നിർമ്മാണം ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>വിഴിഞ്ഞം തുറമുഖത്തേക്കുള്ള ചരക്ക് നീക്കം സുഗമമാക്കുന്നതിന്, തുറമുഖത്തെ ദേശീയപാത **NH66** മായി ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു**.** പോർട്ടിൽ നിന്നും **NH66** മായി ബന്ധിപ്പിക്കുന്ന **1.7 km** പോർട്ട് അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. പോർട്ട് റോഡ് **NH66** മായുള്ള ഇന്റർസെക്ഷൻ **NHAI** യുടെ അംഗീകാരം ലഭിച്ച് നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു**.** വിഴിഞ്ഞം തുറമുഖത്തു നിന്നും തുറമുഖ റോഡും**,** ഔട്ടർ റിംഗ് റോഡും**,** ദേശീയപാത **NH66-**മായി ബന്ധിപ്പിക്കുമ്പോൾ തുറമുഖ പാതയിലും ഔട്ടർ റിംഗ് റോഡിന്റെയും ദേശീയപാത യുടെയും ട്രാഫിക് കണക്കിലെടുത്ത് ഈ ജംഗ്ഷനെ ക്ലോവർലീഫ് |

| | | | |
|---|---|---|---|
| | | | ആയി നിർമ്മിക്കുന്നതിനുള്ള ഇന്റർസെ ക്ഷൻ സ്കീമും **NHAI** യുടെ പരിഗണനയിലാണ്. ഏകദേശം **14** ഹെക്ടർ ഭൂമി ഇതിന് ആവശ്യമായി വരും എന്ന് കണക്കാക്കുന്നു. ഇതിന് ഏകദേശം **312** കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമായ തുക **NHAI** യും കേരള സർക്കാരും **50:50** എന്ന അനുപാതത്തിൽ പങ്കിടുന്നതിൽ തത്വത്തിൽ തീരുമാനമായിട്ടുണ്ട്. |
| (സി) | വിഴിഞ്ഞം പദ്ധതിയുടെ തുടർച്ചയായി റയിൽവേപ്പാലം, തുരങ്ക പാത, റോഡുകൾ എന്നിവ ദ്രുതഗതിയിൽ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ; | (സി) | 2015 -ൽ ഏർപ്പെട്ട കൺസഷൻ കരാർ പ്രകാരം തുറമുഖ ശേഷി വർദ്ധിപ്പിക്കേണ്ടത് മൂന്ന് തുടർ ഘട്ടങ്ങളിലായി, 2045-നുള്ളിൽ ആയിരുന്നു. എന്നാൽ, 2024- ൽ ഏർപ്പെട്ട സപ്ലിമെന്ററി Concession കരാർ പ്രകാരം ഭാവിയിൽ (2045-ഓടെ) പൂർത്തിയാക്കേണ്ട പദ്ധതിയുടെ രണ്ടും, മൂന്നും നാലും ഘട്ടങ്ങൾ ഒറ്റ ഘട്ടമായി 2028 ഡിസംബറിൽ പൂർത്തിയാക്കണമെന്ന പുതിയ വ്യവസ്ഥ കൊണ്ടുവന്നു. തുടർന്ന്, പദ്ധതിയുടെ കൺസഷണയറായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡുമായി (AVPPL) ഈ വ്യവസ്ഥ ഉൾപ്പെടുത്തി സപ്ലിമെന്ററി കരാറിൽ ഏർപ്പെട്ടു. ഈ സപ്ലിമെന്ററി കൺസഷൻ കരാർ പ്രകാരം AVPPL 2028-ൽ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടുള്ള മാസ്റ്റർപ്ലാൻ വികസന പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണോദ്ഘാടനം ബഹു. മുഖ്യമന്ത്രി 2026 ജനുവരി 24 ന് നിർവഹിക്കുകയുണ്ടായി. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് കഴിഞ്ഞു.<br><br>വിഴിഞ്ഞം തുറമുഖം നിലവിൽ പൂർണ്ണമായും ഒരു ട്രാൻഷിപ്‌മെന്റ് ഹബ് ആയി ആണ് പ്രവർത്തിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്ക കൂടുതൽ നേട്ടമുണ്ടാക്കുവാൻ **Gateway (Ex-Im)** കാർഗോ നീക്കത്തിനായി അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ കണക്ടിവിറ്റികൾ പൂർത്തീകരിക്കുവാൻ ഏറെ നടപടികൾ കൈകൊണ്ടു വരുന്നു.<br><br>തുറമുഖത്തെ ഇന്ത്യൻ റെയിൽവേ നെറ്റ് വർക്കുമായി ബന്ധിപ്പിക്കുവാൻ **10.70** കിലോമീറ്റർ ദൈർഘ്യമുള്ള ഒരു റെയിൽപാത **1482** കോടി രൂപ ചിലവിൽ നിർമ്മിക്കുവാൻ നടപടി എടുത്തുവരുന്നു. ഇതിൽ **9** കിലോമീറ്റർ ദൂരം തുരങ്കപാതയാണ്. തുറമുഖത്തിന്റെ തുടർഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് റെയിൽ കണക്ടിവിറ്റിയും യാഥാർഥ്യമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. **NH 66-**മായി തുറമുഖത്തെ ബന്ധിപ്പിക്കുന്ന **1.70 km** റോഡിന്റെ നിർമാണം **AVPPL** |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയിട്ടുണ്ട്. **NH 66**-മായി ടി റോഡിനെ ബന്ധിപ്പിക്കുന്ന ഇടക്കാല ഇന്റർ സെക്ഷന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.<br><br>ഏറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടാൻ സാധ്യതയുള്ള തുറമുഖാധിഷ്ഠിത ലോജിസ്റ്റിക്/ വ്യാവസായിക വികസനത്തിനുള്ള നടപടികളും അതി വേഗത്തിൽ പുരോഗമിക്കുകയാണ്. ലോജിസ്റ്റിക്സ് ഉൾപ്പെടെ വിവിധ തുറമുഖാധിഷ്ഠിത വികസന പദ്ധതികൾക്ക് നിക്ഷേപ താത്പര്യം പ്രകടിപ്പിച്ചിട്ടുള്ള കമ്പനികളുമായി ചർച്ചകൾ അന്തിമ ഘട്ടത്തിൽ ആണ്. ടി അടിസ്ഥാന സൗകര്യങ്ങളും തുറമുഖാധിഷ്ഠിത വികസന പദ്ധതികളും യാഥാർഥ്യമാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ച ഉണ്ടാകുന്നതാണ്. |
| (ഡി) | ഇതിലൂടെ വിഴിഞ്ഞം ജനതയുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെട്ടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; തീരദേശ മേഖലയിലെ യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ തുറന്നിടുന്ന വലിയ കേന്ദ്രമായി അസാപിന്റെ ആഭിമുഖ്യത്തിലുള്ള വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ മാറിയിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | തുറമുഖ നിർമ്മാണ സമയത്ത് നേരിട്ടും അല്ലാതെയും ഉണ്ടാകുന്ന തൊഴിലവസരങ്ങളിൽ തദ്ദേശീയരെയും കൺസഷണയറായ AVPPL പരിഗണിച്ചു വരുന്നു. തുടർ ഘട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളിലും ടി തൊഴിൽ ലഭ്യത ഉണ്ടാകുന്നതാണ്. തുറമുഖ നിർമ്മാണ പൂർത്തീകര ണത്തിനുശേഷം തുറമുഖത്തിന്റെ പ്രവർത്തന കാലയ ളവിലും വലിയതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്.<br><br>വിവിധ തൊഴിലുകളിൽ തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി ASAP ന്റെ നൈപുണ്യ പരിശീലന കേന്ദ്രം വിഴിഞ്ഞത്ത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള വയിൽ ഇവിടെ പരിശീലനം നൽകി വരുന്നു. അത്തരത്തിൽ പരിശീലനം പൂർത്തീകരിച്ച തദ്ദേശീയരുൾ പ്പെടെയുള്ളവർക്ക് തുറമുഖത്തിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ, മറ്റ് തുറമുഖങ്ങളിലും ഇവർക്ക് തൊഴിൽ തേടാവുന്നതാണ്. കൂടാതെ, തുറമുഖാനുബന്ധ വികസനം സാദ്ധ്യമാകുന്നതോടെ വിവിധ വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കപ്പെടുകയും ഇതിലൂടെ തൊഴിലന്വേഷകർക്ക് മുന്നിൽ പുത്തൻ വാതായനങ്ങൾ തുറക്കപ്പെടുകയും ചെയ്യും.<br><br>തിരുവനന്തപുരം ജില്ലയിൽ തുറമുഖാധിഷ്ഠിതവും, തുറമുഖാനുബന്ധവുമായ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്ന തിനുമായുള്ള നയപരമായ നടപടികൾ സർക്കാർ തലത്തിൽ മുൻകൈയെടുത്ത് നടപ്പിലാക്കി വരുന്നുണ്ട്. ഇത് തുറമുഖവുമായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട് വലിയ തോതിലുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുവാൻ ഇട നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ